©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ജനുവരി 5<br>5th January 2021<br>1196 ധനു 21<br>21st Dhanu 1196<br>1942 പൌഷം 15<br>15th Pousha 1942 | നമ്പർ<br>No. | 1 |

## PART III

# Forest Department

**Forests and Wildlife (F) Department**

NOTIFICATION

No. D3-996/2018/FHQ. *10th December 2020.*

Following are the Revised Select Lists of Provisionally Promoted Range Forest Officer for the year 2015, 2016 & 2017 and Select List for the year 2018, prepared in the meeting of Departmental Promotion Committee (Lower) held on 12-11-2019 and approved by the Government vide letter No. F3/242/2019-FWLD dated 5-6-2020.

**Revised Select List for the year 2015**

1. B. R. Jayan
2. K. T. Udayan
3. M. Padmanabhan
4. Sanilkumar, T.
5. Ramachandran Muttil
6. M. Anilkumar
7. Xavier, T. S.
8. N. Ganesan
9. K. P. S. Boby Kumar
10. C. Shereef

**Revised Select List for the year 2016**

1. Vinu, P.
2. Priyadarsan, P.
3. Satheesan, P.
4. Sudheer Neroth
5. K. P. Abdul Samad
6. P. Suresh

**Revised Select List for the year 2017**

1. Prasad, P.
2. N. K. Pavitran
3. V. Sarachandran
4. P. K. Thambi
5. Sunilal, S. L.

5(A). B. Asok Raj

6. T. M. Rasheed

6(A). S. Rajan

7. K. S. Manoj
8. Anilkumar, K.

**Select List for the year 2018**

1. N. T. Dinesh Shankar
2. K. G. Anvar
3. Arunesh, K. V.
4. K. V. Biju
5. A. K. Sasikumaran Nair
6. V. Ajayakumar
7. C. Rajesh

P. K. KESAVAN IFS,

*Principal Chief Conservator of Forests & Head of Forest Force, Kerala & Convener, Departmental Promotion Committee (Lower).*

Forest Head Quarters,
Vazhuthacadu,
Thiruvananthapuram.

---

**വൈൽഡ്‌ലൈഫ് ഡിവിഷൻ, തിരുവനന്തപുരം**

ലേല പരസ്യം

നമ്പർ ബി. 2986/2020. 2020 ഡിസംബർ 17.

തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിലുള്ള പേപ്പാറ, നെയ്യാർ, വന്യജീവി സങ്കേതങ്ങളിലെയും, കോട്ടൂർ എ. ബി. പി. റെയിഞ്ചിലെയും വിവിധ വനം കേസുകളിൽപ്പെട്ട തൊണ്ടി സാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ അതാത് വന്യജീവി സങ്കേതം/റെയിഞ്ചിന് നേരെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 11 മണിക്ക് തിരുവനന്തപുരം വൈൽഡ് ലൈഫ്‌വാർഡനോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥലത്തുവെച്ച് 11-12-2012-ലെ പ്രൊ(5)26274/12 നമ്പരായി 25-12-2012-ലെ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും മറ്റ് നിയമങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്തപ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ലേലം നടത്തുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസമയത്തിനുമുമ്പായി ഈട്ടി/തേക്ക് തടികൾക്ക് ₹ 20,000-ം മറ്റ് തടികൾക്ക് ₹ 10,000-ം മറ്റ് വനവിഭവങ്ങൾക്ക് ₹ 2,000-ം ക്രമത്തിൽ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ വിളിച്ചിട്ടുള്ള തൊണ്ടിസാധനങ്ങളുടെ വില ₹ 20,000-ത്തിൽ കവിയുന്നപക്ഷം ലേലത്തുകയുടെ 35% അല്ലെങ്കിൽ ₹ 20,000 ഇതിൽ ഏതാണോ കൂടുതൽ ആയത് ലേലം കഴിഞ്ഞാലുടൻ കെട്ടിവെയ്ക്കേണ്ടതാണ്. എന്നാൽ കോടതി ഉത്തരവനുസരിച്ച് കേസ് നിലവിലിരിക്കേ ലേലം ചെയ്യപ്പെടുന്ന തൊണ്ടി വസ്തുക്കളുടെ മൊത്തം വിലയും നികുതികളും ലേലദിവസം തന്നെ പണമായി അടയ്ക്കേണ്ടതാണ്.

ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന നോട്ടീസിന്റെ തീയതി മുതൽ 40 ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും നിയമാനുസൃത നികുതികളും മൊത്തം സംഖ്യയ്ക്ക് നിലവിൽ പ്രാബല്യത്തിലുള്ള ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായനികുതിയും ഒടുക്കി ലേലത്തിൽ പിടിച്ചിട്ടുള്ള സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തുക നിശ്ചിത കാലാവധിക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം റദ്ദ് ചെയ്യുന്നതും ലേലക്കാരൻ അടച്ചിട്ടുള്ള തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ലേലത്തിൽ പിടിച്ച സാധനങ്ങൾ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതു മായിരിക്കും. അപ്രകാരം വിൽക്കുമ്പോൾ സർക്കാരിന് നഷ്ടം ഉണ്ടാവുകയാണെങ്കിൽ അപ്രകാരമുള്ള നഷ്ടം പരസ്യക്കൂലി മുതലായവ വ്യവസ്ഥകൾക്ക് വിധേയമായി മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭം ഉണ്ടാവുകയാണെങ്കിൽ ആയതിന് മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിന് മുമ്പായി ലേലത്തിന് വെച്ചിട്ടുള്ള സാധനങ്ങളുടെ നിൽപ്പു സ്ഥിതിയും അളവുകളും മറ്റ് വിശദ വിവരങ്ങളും കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതും ലേലത്തിനുശേഷം ഈ വക കാര്യങ്ങളെ കുറിച്ചുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു. ലേലത്തിനുശേഷം കാലാവസ്ഥാകാരണമോ അഗ്നി, വെള്ളപൊക്കം, ഉരുൾപൊട്ടൽ മുതലായ കെടുതികൾമൂലമോ തടി, വിറക്, മറ്റ് സാധനങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന നഷ്ടത്തിനോ അളവു വ്യത്യാസത്തിനോ വനം വകുപ്പിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

ലേല വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്ന പക്ഷം ആയത് ലേലത്തിൽ പങ്കെടുക്കുന്നവരെ വായിച്ച് കേൾപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതുമായിരിക്കും.

**പട്ടിക**

| വന്യജീവി സങ്കേതം/ റെയിഞ്ച് | പേപ്പാറ വന്യജീവി സങ്കേതം | നെയ്യാർ വന്യജീവി സങ്കേതം | എ. ബി. പി. റെയിഞ്ച്, കോട്ടൂർ |
|---|---|---|---|
| ലേല സ്ഥലം | ഓഫീസ് കോമ്പൗണ്ട് | ഓഫീസ് കോമ്പൗണ്ട് | ഓഫീസ് കോമ്പൗണ്ട് |
| | 5-1-2021 | 12-1-2021 | 19-1-2021 |
| | 2-2-2021 | 9-2-2021 | 16-2-2021 |
| | 2-3-2021 | 9-3-2021 | 16-3-2021 |
| | 6-4-2021 | 13-4-2021 | 20-4-2021 |
| | 4-5-2021 | 11-5-2021 | 18-5-2021 |
| ലേല തീയതി | 8-6-2021 | 15-6-2021 | 22-6-2021 |
| | 6-7-2021 | 13-7-2021 | 21-7-2021 |
| | 3-8-2021 | 10-8-2021 | 17-8-2021 |
| | 7-9-2021 | 14-9-20212 | 22-9-2021 |
| | 5-10-2021 | 12-10-2021 | 20-10-2021 |
| | 2-11-2021 | 9-11-2021 | 16-11-2021 |
| | 7-12-2021 | 14-12-2021 | 21-12-2021 |

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാത് വന്യജീവി സങ്കേതം/റെയിഞ്ച് ഓഫീസുകളിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്.

(ഫോൺ നമ്പരുകൾ: പേപ്പാറ വന്യജീവി സങ്കേതം—0472-2892344, 8547602951, നെയ്യാർ വന്യജീവി സങ്കേതം—0471-2272182, 8547602970, എ. ബി. പി. റെയിഞ്ച്, കോട്ടൂർ—0472-2850827, 8547602969).

(ഒപ്പ്)

വൈൽഡ്‌ലൈഫ് വാർഡന്റെ കാര്യാലയം, വൈൽഡ്‌ലൈഫ് വാർഡൻ

തിരുവനന്തപുരം. (കേരള ഗവർണ്ണർക്കുവേണ്ടി).

---

## ടിമ്പർ സെയിൽസ് ഡിവിഷൻ, പുനലൂർ

ഇ-ലേല പരസ്യം

നമ്പർ TSP2-1407/2019. 2020 ഡിസംബർ 17.

2018 ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് പമ്പാനദിയിൽ അടിഞ്ഞുകൂടിയതും ചില്ലറ വിൽപ്പനയ്ക്കായി അരീക്കക്കാവ് തടി ഡിപ്പോയിൽ ശേഖരിച്ചിരിക്കുന്നതുമായ മണലിന്റെ ഇ-ലേലം താഴെ നൽകിയിരിക്കുന്ന തീയതികളിൽ നടത്തപ്പെടുന്നു. 1, 5, 10 ക്യുബിക് മീറ്റർ മണൽ വീതമുള്ള 10 ക്യുബിക് മീറ്ററിന്റെ 40 ലോട്ടുകളും, 5 ക്യുബിക് മീറ്ററിന്റെ 15 ലോട്ടുകളും, 1 ക്യുബിക് മീറ്ററിന്റെ 25 ലോട്ടുകളുമായാണ് ലേലംനടക്കുക. കെട്ടിട നിർമ്മാണ പ്രവർത്തികൾക്കും ലാൻസ്കേപ്പിംഗിനും ഈ മണൽ അനുയോജ്യമാണെന്ന് ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇ-ലേല നടപടികൾക്ക് നിയോഗിച്ചിട്ടുള്ള ഏജൻസിയായ എം.എസ്.റ്റി.സിയിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളു. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എം.എസ്.റ്റി.സിയുടെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ നിന്നോ പുനലൂർ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഫോൺ നമ്പർ-0475 2222617), അരീക്കക്കാവ് സർക്കാർ തടി ഡിപ്പോ ഓഫീസ് (ഫോൺ നമ്പർ-8547600535) നിന്നോ അറിയാവുന്നതാണ്.

| ക്രമ നമ്പർ | ടിമ്പർ സെയിൽസ് ഡിവിഷൻ, പുനലൂർ | ലേല തീയതി 2021 | |
|---|---|---|---|
| 1 | അരീക്കക്കാവ് ഡിപ്പോ | ജനുവരി | 25 |
| | | ഫെബ്രുവരി | 4, 24 |
| | | മാർച്ച് | 9, 25 |
| | | ഏപ്രിൽ | 5, 16 |
| | | മേയ് | 3, 21 |
| | | ജൂൺ | 4, 17 |
| | | ജൂലൈ | 15, 27 |
| | | ആഗസ്റ്റ് | 9, 27 |
| | | സെപ്റ്റംബർ | 15, 27 |
| | | ഒക്ടോബർ | 5, 22 |
| | | നവംബർ | 2, 22 |
| | | ഡിസംബർ | 14, 30 |

No. TSP 2-1407/2019. *17th December 2020.*

It is proposed to conduct e-auction of sand accumulated in Pamba river due to floods during August 2018 and subsequently collected at Areekkakavu depot in the following dates. The sand will be auctioned in quantities of 10m$^3$ of 40 lots, 5m$^3$ of 15 lots and 1m$^3$ of 25 lots respectively . The sand is tested by NCESS and certified that this sand is ideal for all type of construction as well as landscaping purposes. The e-auction of sand will be conducted through MSTC Ltd. Those who have registered as bidders at MSTC can only be participate in the e-auction. The details can be obtained from the website of MSTC www.mstcecommerce.com or from the office of Divisional Forest Officer, Timber Sales Division, Punalur, (Phone No. 0475 2222617) or Govt. Timber Depot, Areekkakavu (Phone No. 8547600535).

| *Sl. No.* | *Timber Sales Division Punalur* | *Dates of Auction 2021* | |
|---|---|---|---|
| 1 | Areekkakkavu | January | 25 |
| | | February | 4, 24 |
| | | March | 9, 25 |
| | | April | 5, 16 |
| | | May | 3, 21 |
| | | June | 4, 17 |
| | | July | 15, 27 |
| | | August | 9, 27 |
| | | September | 15, 27 |
| | | October | 5, 22 |
| | | November | 2, 22 |
| | | December | 14, 30 |

## SPECIAL TTERMS AND CONDITIONS

1. The retail sale is governed by the General Terms & Conditions (GTC), Buyer Specific Terms & Conditions (BSTC) and Special Terms & Conditions (STC) of the e-auction. In case of any conflict or differences among any of the provisions of GTC, BSTC & STC, the provisions of STC will supersede the others in the particular e-auction. The terms & conditions, including the list of materials appearing on the date of e-auction is final and binding on the participant buyers.

2. Kerala Forest Department, the owner/seller, will be hereinafter rererred to as 'Principal' and MSTC Ltd., the Selling Agent of Kerala Forest Department will be hereinafter referred to as 'MSTC'. Wherever the word Buyer, Purchaser Successful Buyer is indicated, it will be referred to as 'Successful Buyer'.

3. Validity of Bids: All offers by buyers will be valid for acceptance by MSTC for a period of 7 (Seven) days. In case the 7th day falls on a holiday or remains closed for Principal/MSTC, the validity of the offer will be deemed to be automatically extended upto the next working day of Principal/MSTC.

4. Inspection: The intending buyer or his authorized representative may inspect the materials as per the schedule mentioned above, between 10 hrs and 17 hrs on any working day at the location specified with the prior intimation to the Depot Officer concerned. The detailed descriptions of all lots including annexure, if any, are available at the respective Divisional Forest Office also.

5. The description/quality indicated are furnished to enable buyers o quote their rates. Buyers are advised to quote their rates only after inspection of items at site. In case, the buyers do not prefer to inspect, neither the sale could be invaliated nor the buyer can make any claim/compensation whatsoever on account of any defect in description, deficiency in the quantity. Notwithstanding anything contained in the e-auction sale notice or advertisement issued as to description and particulars of material put up for sale, the sale is on "as is where is and no complaint basis" only. No plea or misunderstanding or ignorance or conditions put forth subsequent to any confirmation of sale shall be accepted. The Principle of "CAVEAT EMPTOR" (let the buyer be aware) will apply.

6. Conditional offers will not be accepted/entertained.

7. Lot Formation: The sand will be sold in lots having quantities viz 10 m$^3$, 5 m$^3$ and 1m$^3$. The entire stock of material (sand) will be heaped in one location at deport, no separate lot formation.

8. *Earnest Money Deposit (EMD) Prior to Offer for Sale*

(i) An intented buyer has to pay an amount of ₹1000 as EMD to participate offer for sale.

EMD can be remitted through e-treasury (https:/etreasury.kerala.gov.in) till 6 p.m. on the previous day of the offer. The buyer registration number has to be mention while paying the EMD. For the benefit of the buyers who are not well versed with online transaction. Divisional Forest Officer will accept EMD in the form of Demand Draft payable at any nationalized bank drawn in favour of Divisional Forest Officers concerned, as was done in the old system, by 2 p.m. on the previous day of auction. Only regisered customers who have remitted the EMD in time will be able to

participate in the e-auction. If the offered value is not paid within the specified time period against any of the lot/lots by the offeror, the EMD will be forfeited.

(ii) The EMD of the unsuccessful bidder will be returned on the next working day on the completion of the e-auction.

(iii) The EMD of the successful bidder will be kept with the Principal for adjustment against the sale value of the bid lots or for compensating any loss incurred to the Government as per conditions noted below in *Clause No. 12 & 13*

9. The sale will be Affected as follows:

The prospective buyer who has remitted the EMD and is eliglble to participate in the offer for sale can quote the price/$m^3$ of sand. The minimum bid increment shal1 be Rs. 10/$m^3$ or multiples of ₹ 10.

10. Issuance of acceptance Letter:

The Acceptance letter will be issued for the accepted lot immediately, for making balance payments by the successful buyer within 7 days from the date of issuance of acceptance letter and the same will be communicated by e-mail.

11. GST, FDT, TCS and other Taxes:

The material value, working cost, GST, FDT, TCS and other taxes as per the prevailing tariff wherever applicable at the time of delivery on the sale of materials cover under this sale shall be payable by the successful buyer before taking delivery of material.

12. Issue of Sale Intimation Letter:

Wherever the highest bid (H-1Bid) is acceptable on confirmed basis are subject to Approval (STA) basis, depending upon the, Reserve Price fixed by the Principal immediately on closing of the e-auction. Sale Intimation Letter will be issued automatically by e-mail to the respective successful bidder informing him whether his bid has been accepted on confirmed basis on STA basis. Bidders must, therefore, keep a watch on their incoming e-mail in this regard. Principal has the power to accept or reject any highest bid, accepted on STA basis, without citing any reason. The decisions towards acceptance or rejection will be intimated by e-mail to the respective bidders by e-mail.

13. Remittance of Balance Amount and Removal of Lots:

(a) The successful buyer should remit the payments as per the following manner:

(i) Immediately on receipt of the acceptance letter from MSTC, the buyer shall remit the entire amount of the materials (less EMD), Chalan for the balance amount the taxes will be issued by the Depot Officer concerned with a currency up to 7 working days.

(ii) The mode of payment is through e-treasury of Government of Kerala or DD drawn from a Nationalized Bank payable at respective station in favour of Divisional Forest Officer or by cash in the respective treasury.

(iii) If any amount is charged by bank for clearing the DD, the same shall be borne by the buyer himself. If the DD is dishonoured by the bank, the bidder who remitted the DD will be treated as defaulter and necessary actions will be initiated against him as per the law and as per sale conditions.

(iv) If the buyer fails to remit the amount as prescribed in the Acceptance Letter within the prescribed time period, the offer will be treated as cancelled and all remittance including EMD will be forfeited without giving any notice and the lots will be re-auctioned.

(v) If the last day prescribed for remittance happens to be a public holiday, the amount can be remitted without penalty on the next working day.

(vi) The material will be delivered only to the successful buyer or their authorized representatives against presentation of e-Auction Identity Card issued by MSTC. If the successful buyer desires to authorize a representative or an agent for delivery, in such case, the buyer shall produce suitable Power of Attorney or authorization letter duly attested by a Notary Public authorizing his representative or agent to lift the materials from Principal.

(vii) If the successful buyer clears all his dues, is allowed to remove lots without paying any ground rent within 7 days. He is allowed to remove the materials for another 7 days by paying ground rent @ ₹ 10 per cubic meter.

(viii) The successful buyer will be solely responsible for removal and transport of sand from sale depot once sold. The department is not responsible for any loss or damage to the materials kept at depot compound, once it is sold.

(ix) The measurement of the sand will be done in accordance with the volume in $m^3$ of sand loaded on lorry/vehicle viz, length of platform (in meter) X breadth of platform (in meter) X height of this sand (in meter) loaded on lorry/vehicle.

(x) The buyer needs to obtain transit pass from the Depot Officer for transportation.

14. Penalty for the Defaulters

Under no circumstances the lots will be allowed to be removed beyond the above time period. If the buyer fails to remove the lots within the prescribed time limit, the lots will be re-auctioned and all moneys remitted by the buyer will be forfeited without any notice to the buyer.

15. Other Conditions

(a) Blacklisted buyers will not be allowed to participate in any e-auctions.

(b) The successful buyers are bound to abide by changes in terms & conditions of e-aucion consequent upon any amendments in the existing Kerala Forest Act, 1961 or extant Rules.

(c) All the litigations related to e-aution will be entertained only in the Courts within the jurisdiction of the Depot Officer concerned.

16. Principal/MSTC reserves the right to accept/ reject and cancel any offer, amend the quantity under any lot or withdraw any lot at any stage under this sale after acceptance of sale/issue of sale order/ deposit of full sale value by the buyer without assigning any reason thereof and the value of such material paid for shall be refundable. Principal/MSTC shall not be responsible for any damages/loss whatsoever to buyers on account of such withdrawal, at any stage from the e-auction sale.

17. Force Majeure: Principal/Mstc will not be in any way responsible for failure to deliver the material due to cause beyond their control such as strike, lockout, cessation of work by labourers, shortened hours, act of God or other causes of other contingencies whatsoever. The buyer shall not be entitled to cancel the contract and the period of delivery shall automatically get extended proportionately.

18. Conduct During Delivery: Buyers shall solely be responsible for movement and proper behaviour of their deputies, agents and labourers within Principal premises. If any damage is caused to the Government property, the buyer is responsible to make good such damage to the satisfaction of Principal, and the decision of Principal in this regard shall be final and binding.

19. Accidents etc. to Buyer's Labourer: Principal/MSTC will not any point of time be responsible for any injuries caused due to accident within the premises or at the place of work and the buyer will make proper arrangement for medical attention and treatment to his labour representative. The buyer will be solely responsible for any claim arising out of the employment, injuries to labourers in the course of the employment under any statute. It is the responsibility of the buyer to provide necessary safety appliances (like hand gloves, tools, helmet, safety goggles, boots etc.) to the labourers who are engaged for handling of the goods.

20. Black Listing : If it is found that the buyer is not following the terms and conditions of payment, delivery or other conditions of the e-auction and also indulging, in any malpractices either by himself or by his agents, deputies or observer, such buyer are liable to be blacklisted and appropriate action will be taken as deemed fit by Principal.

21. In the event of any dispute in connection with this sale, the decision of Principal/MSTC shall be final and binding on the parties to the e-auction sale. Further any such dispute, doubts or differences of opinion arising at the time of payment or delivery, buyers shall agree and abide by the decision of Principal.

22. No interest will be paid to the purchaser on the amount paid or deposited by him and on the amount refundable to him if any.

23. The terms and conditions are supplementary to the remedy available under the law.

24. Any auctioned materials shall not be sold or parted with any of the employees of Principal/MSTC.

25. Complaints/grievances from buyers regarding sale shall be addressed to the Grievance Redressal Commitee constituted under the Chairmanship of circle Chife Conservator of Forest, for the purpose of adjudicating complaints regarding e-auction of timber. The Grievance Redressal Committee is authorized to take decisions relating to the grievance or complaints which include cancellation/confirmation of the offer, imposing of any penalty and forfeiture of EMD and matters related thereto.

Timber Sales Division, (Sd.)
Punalur. *Divisional Forest Officer.*

---

**പുനലൂർ ഡിവിഷൻ**

ലേല പരസ്യം

നമ്പർ പി എ1. 5799/2020. 2020 ഡിസംബർ 28.

പുനലൂർ ഡിവിഷനിൽപ്പെട്ട പത്തനാപുരം, അഞ്ചൽ എന്നീ റെയിഞ്ചുകളിൽ സൂക്ഷിച്ചിട്ടുള്ള വിവിധ വനനിയമ കേസ്സുകളിലെ തൊണ്ടി സാധനങ്ങൾ താഴെ പട്ടികയിൽ അതാത് റെയിഞ്ചിന് നേരെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 3 മണിക്ക് പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥലത്തുവച്ച് 11-12-2012 പ്രൊ.(5)-26274/12-ാം നമ്പരായി 25-12-2012-ലെ കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതായിരിക്കും. ലേലദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതായിരിക്കും. നിശ്ചിത ലേല തീയതിക്ക് 7 ദിവസം മുമ്പുതന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന ലേല വസ്തുക്കളുടെ ഇനം, അളവ് മുതലായ ലോട്ടു തിരിച്ചുള്ള

പട്ടിക അതാത് റെയിഞ്ച് ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതും ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലോട്ടു തിരിച്ചുള്ള തൊണ്ടി വസ്തുക്കൾ നേരിൽ പരിശോധിച്ച് ഗുണനിലവാരം ബോദ്ധ്യപ്പെടേണ്ടതുമാണ്. ലേലത്തിനുശേഷം ഇതു സംബന്ധമായ പരാതികൾ പരിഗണിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി തേക്ക്, ഈട്ടി എന്നിവയ്ക്ക് ₹ 20,000, മറ്റു തടികൾക്ക് ₹ 10,000, മറ്റു വനവിഭവങ്ങൾക്ക് ₹ 2,000 നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതും ലേലം കൊണ്ടയാൾ ലേലം കഴിഞ്ഞാലുടൻ തന്നെ ലേലത്തുകയുടെ 35% നിരതദ്രവ്യം ഉൾപ്പെടെ ഒടുക്കേണ്ടതാണ്. ലേലത്തുക ₹ 20,000-മോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലത്തുക ₹ 20,000-ൽ കവിയുകയാണെങ്കിൽ ₹ 20,000-മോ ലേലത്തുകയുടെ മുപ്പത്തിയഞ്ചു ശതമാനമോ ഏതാണ് കൂടുതലെങ്കിൽ ആയത് ലേലം കഴിഞ്ഞാലുടനെ അടയ്ക്കേണ്ടതുമാണ്. കോടതി ഉത്തരവ് അനുസരിച്ച് ലേലം ചെയ്യപ്പെടുന്ന തൊണ്ടിയുടെ മൊത്തം തുകയും നികുതികളും ലേല ദിവസം അടയ്ക്കേണ്ടതാണ്.

ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന തീയതി മുതൽ 40 (നാല്പത്) ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും നിയമാനുസൃത നികുതികളും മൊത്തം സംഖ്യയ്ക്ക് 1998-ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായനികുതിയും ഒടുക്കി ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തുക ഈ കാലാവധിക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം റദ്ദ് ചെയ്യുന്നതും ലേലക്കാരൻ അടച്ചിട്ടുള്ള തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതുമായിരിക്കും. അപ്രകാരം വിൽക്കുമ്പോൾ സർക്കാരിന് നഷ്ടം ഉണ്ടാവുകയാണെങ്കിൽ അപ്രകാരമുള്ള നഷ്ടം, പരസ്യക്കൂലി മുതലായവ വ്യവസ്ഥകൾക്ക് വിധേയമായി മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭം ഉണ്ടാവുകയാണെങ്കിൽ ആയതിന് മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

ലേലത്തിനുശേഷം കാലാവസ്ഥ കാരണമോ, അഗ്നി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ മുതലായ കെടുതികൾ മൂലമോ, തടി, വിറക്, മറ്റ് സാധനങ്ങൾ എന്നിവയ്ക്കുണ്ടാവുന്ന നഷ്ടത്തിനോ അളവ് വ്യത്യാസത്തിനോ ഡിപ്പാർട്ടുമെന്റിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

ലേലവ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്നപക്ഷം ആയത് ലേലത്തിൽ പങ്കെടുക്കുന്നവരെ വായിച്ചു കേൾപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതായിരിക്കും. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാത് റെയിഞ്ചുകളിൽ നേരിട്ട് അന്വേഷിച്ചാൽ അറിയാവുന്നതാണ്. (ഫോൺ നമ്പർ: അഞ്ചൽ റെയിഞ്ച്-0475-2270100, പത്തനാപുരം റെയിഞ്ച് 0475-2354848)

പട്ടിക

| ലേലസ്ഥലം | അഞ്ചൽ റെയിഞ്ച് | പത്തനാപുരം റെയിഞ്ച് |
|---|---|---|
| ലേല തീയതികൾ | 11-1-2021 | 15-1-2021 |
| | 9-2-2021 | 12-2-2021 |
| | 8-3-2021 | 15-3-2021 |
| | 15-4-2021 | 19-4-2021 |
| | 10-5-2021 | 17-5-2021 |
| | 7-6-2021 | 14-6-2021 |
| | 7-7-2021 | 12-7-2021 |
| | 9-8-2021 | 12-8-2021 |
| | 8-9-2021 | 13-9-2021 |
| | 4-10-2021 | 11-10-2021 |
| | 8-11-2021 | 12-11-2021 |
| | 7-12-2021 | 13-12-2021 |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
പുനലൂർ.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.

---

## ചാലക്കുടി ഡിവിഷൻ

ലേല പരസ്യം

നമ്പർ സിസി5-7170/2020. 2020 ഡിസംബർ 5.

ചാലക്കുടി ഡിവിഷനിൽപെട്ട താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽപ്പെട്ട തൊണ്ടി വകകൾ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതികളിൽ രാവിലെ 11 മണിക്ക് അതാത് റെയിഞ്ച് ഓഫീസുകളിൽവെച്ച് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. 10-12-2013-ലെ 49-ാം നമ്പർ കേരള ഗസറ്റിൽ പേജ് നമ്പർ 815-ലെ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച തിരുവനന്തപുരം സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22-11-2013-ലെ പ്രൊ (5) 26274/2012 നമ്പർ ലേല വിജ്ഞാപന പ്രകാരമുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അതാത് സമയത്ത് നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഈട്ടി, തേക്ക് എന്നിവയ്ക്ക് ₹ 20,000-ം മറ്റ് തടികൾക്ക് ₹ 10,000-ം എന്ന നിരക്കിലും നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വനവിഭവങ്ങൾ അവയുടെ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം സ്ഥലത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേല തീയതിക്ക് മുൻപുതന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വന വിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിനുശേഷം യാതൊരുവിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും നികുതികളും ലേല ദിവസം തന്നെ കെട്ടിവയ്ക്കേണ്ടതാണ്.

ലേലദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്കു ദിവസമായോ വരുന്നപക്ഷം ലേലം അടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതാണ്.

**പട്ടിക**

ലേല തീയതികൾ

| *റെയിഞ്ചിന്റെ പേര്* | *Jan. 2021* | *Feb. 2021* | *March 2021* | *April 2021* | *May 2021* | *June 2021* | *July 2021* | *Aug. 2021* | *Sep. 2021* | *Oct. 2021* | *Nov. 2021* | *Dec. 2021* |
|---|---|---|---|---|---|---|---|---|---|---|---|---|
| **പരിയാരം** | 21 | 9 | 16 | 7 | 11 | 3 | 7 | 27 | 15 | 9 | 6 | 9 |
| **പാലപ്പിള്ളി** | 27 | 17 | 23 | 16 | 19 | 16 | 15 | 25 | 23 | 22 | 17 | 15 |
| **വെള്ളിക്കുളങ്ങര** | 29 | 25 | 25 | 19 | 27 | 25 | 27 | 12 | 7 | 26 | 25 | 22 |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
ചാലക്കുടി.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

---

## നിലമ്പൂർ സൗത്ത് ഡിവിഷൻ

ലേല പരസ്യം

നമ്പർ സി2-5521/2020. 2020 ഡിസംബർ 2.

നിലമ്പൂർ സൗത്ത് ഡിവിഷനിൽപ്പെട്ട കാളികാവ്, കരുളായി എന്നീ റെയിഞ്ചുകളിലെ വിവിധ വനം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള തൊണ്ടി സാധനങ്ങൾ 2021 വർഷത്തിൽ താഴെ പട്ടികയിൽ അതാത് റെയ്ഞ്ചിനു നേരെ കാണിച്ചിട്ടുള്ള തീയതികളിൽ രാവിലെ 11 മണിക്ക് ടി സാധനങ്ങൾ അട്ടിവെച്ചിരിക്കുന്ന സ്ഥലങ്ങളിൽവെച്ച് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേല ദിവസം പൊതു അവധിദിവസമായി പ്രഖ്യാപിക്കുകയോ പൊതുപണിമുടക്ക് പ്രഖ്യാപിക്കുകയോ ചെയ്താൽ പ്രസ്തുത ലേലം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് നടത്തുന്നതാണ്. നിശ്ചിത ലേലതീയതിക്ക് 7 ദിവസം മുമ്പുതന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന ലേല വസ്തുക്കളുടെ ഇനം, അളവ്, എണ്ണം മുതലായവയുടെ ലോട്ട് തിരിച്ചുള്ള പട്ടിക അതാത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതും ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ ഉൾപ്പെടുന്ന തടികൾ, ഉരുപ്പടികൾ, മറ്റ് സാധനങ്ങൾ എന്നിവയുടെ അളവും തരവും ഗുണനിലവാരവും ലേലതീയതിക്ക് മുൻപ് തന്നെ ബോദ്ധ്യപ്പെടേണ്ടതുമാണ്. ലേലത്തിനുശേഷം ഇതുസംബന്ധമായ പരാതികളൊന്നും പരിഗണിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി ഈട്ടി/തേക്ക് തടികൾക്ക് 20,000 രൂപയും മറ്റ് തടികൾക്ക് 10,000 രൂപയും മറ്റ് വനവിഭവങ്ങൾക്ക് 2,000 രൂപയും ക്രമത്തിൽ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ വിളിച്ചിട്ടുള്ള തൊണ്ടി സാധനങ്ങളുടെ വില ₹ 20,000 (ഇരുപതിനായിരം)-ൽ കവിയുന്ന പക്ഷം ലേലത്തുകയുടെ 35 ശതമാനമോ അല്ലെങ്കിൽ ₹ 20,000 ഇതിൽ ഏതാണോ കൂടുതൽ ആയത് ലേലം കഴിഞ്ഞാലുടൻ കെട്ടിവയ്ക്കേണ്ടതാണ്. എന്നാൽ കോടതി ഉത്തരവനുസരിച്ച് കേസ് നിലവിലിരിക്കെ ലേലം ചെയ്യപ്പെടുന്ന തൊണ്ടി വസ്തുക്കളുടെ മൊത്തം വിലയും നികുതികളും ലേലദിവസം തന്നെ പണമായി അടയ്ക്കേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡ്, വോട്ടർ തിരിച്ചറിയൽ കാർഡ് തുടങ്ങി അംഗീകരിച്ച ഏതെങ്കിലും തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതുമാണ്.

ലേലത്തിൽ വിളിച്ചെടുത്ത സാധനങ്ങളുടെ ലേലം സ്ഥിരീകരിച്ച വിവരം ലേലക്കാരനെ അറിയിക്കുന്ന തീയതിമുതൽ 30 (മുപ്പത്) ദിവസത്തിനകം ബാക്കി വിലയും നിയമാനുസൃത നികുതികളും അടച്ച് ആയവ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പിടിച്ചിട്ടുള്ള സാധനങ്ങൾ ഇപ്രകാരം നീക്കം ചെയ്യാതിരുന്നാൽ ആ വക സാധനങ്ങൾ മറ്റൊരറിയിപ്പ്കൂടാതെ തന്നെ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും തുടർന്ന് അവയിൽ ലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. തന്നെയുമല്ല ലേലം ചെയ്ത് സാധനങ്ങൾ അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്തു വിൽക്കുന്നതുമായിരിക്കും. അപ്രകാരം ലേലം ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ കുടിശ്ശിക വസൂൽ ചെയ്യുന്ന നിയമങ്ങൾ അനുസരിച്ച് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭകരമായിരുന്നാൽ മുൻ ലേലക്കാരന് ആയതിൽ യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 2-12-2009-ലെ പ്രൊ.(5)-6835/2009 നമ്പരായി 22-12-2009-ലെ കേരള സർക്കാർ ഗസറ്റ് 50-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മറ്റ് ലേലവ്യവസ്ഥകളും സർക്കാർ തടി ഡിപ്പോകളിൽ അതാതു കാലങ്ങളിൽ നിലവിലുള്ള മറ്റ് ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

ലേലവ്യവസ്ഥകൾക്ക് എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്നപക്ഷം ആയത് ലേലസമയത്ത് വിശദീകരിക്കുന്നതായിരിക്കും. ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന് അതാത് റെയ്ഞ്ച് ഫോറസ്റ്റ് ആഫീസുകളിൽ അന്വേഷിക്കാവുന്നതാണ്.

റെയിഞ്ച് ഫോറസ്റ്റ് ആഫീസുകളുടെ ഫോൺ നമ്പരുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| കാളികാവ് റെയിഞ്ച് | 04931 245720 |
| കരുളായി റെയ്ഞ്ച് | 04931 270296 |
| റെയ്ഞ്ച് ഫോറസ്റ്റ് ആഫീസർ, കാളികാവ് | 8547602285 |
| റെയ്ഞ്ച് ഫോറസ്റ്റ് ആഫീസർ, കരുളായി | 8547602262 |

പട്ടിക

| കാളികാവ് റെയ്ഞ്ച് | കരുളായി റെയിഞ്ച് |
|---|---|
| 19-1-2021 | 20-1-2021 |
| 23-2-2021 | 24-2-2021 |
| 23-3-2021 | 24-3-2021 |
| 27-4-2021 | 28-4-2021 |
| 11-5-2021 | 12-5-2021 |
| 22-6-2021 | 23-6-2021 |
| 22-7-2021 | 23-7-2021 |
| 25-8-2021 | 26-8-2021 |
| 15-9-2021 | 16-9-2021 |
| 26-10-2021 | 27-10-2021 |
| 10-11-2021 | 11-11-2021 |
| 21-12-2021 | 22-12-2021 |

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നിലമ്പൂർ സൗത്ത് ഡിവിഷൻ &
വൈൽഡ് ലൈഫ് വാർഡൻ, കരിമ്പുഴ വന്യജീവി സങ്കേതം
(കേരള ഗവർണ്ണർക്കുവേണ്ടി).

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
നിലമ്പൂർ.

## കാസറഗോഡ് ഡിവിഷൻ

ലേല പരസ്യം

നമ്പർ കെജിഎ4-3940/2020. 2020 ഡിസംബർ 10.

കാസറഗോഡ് ഡിവിഷനിലെ കാസറഗോഡ് റെയിഞ്ചിലെ താഴെ പട്ടികയിൽ വിവരിക്കുന്ന കശുമാവിൻ തോട്ടങ്ങളിൽനിന്നും 2021 ജൂൺ 30 വരെയുള്ള കാലത്തേക്ക് കശുവണ്ടി ശേഖരിച്ച് കൊണ്ടുപോകുന്നതിനുള്ള അവകാശം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ താഴെപ്പറയുന്ന ലേല നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാകുന്നു.

1. ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ അതിന് അടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും വച്ച് ലേലം നടത്തുന്നതായിരിക്കും.

2. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലദിവസം ലേലത്തിന് മുമ്പായി കശുവണ്ടി ശേഖരണത്തിന് ഓരോ യൂണിറ്റിനും ₹ 3,000 വീതം നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും ലേല വിജ്ഞാപനത്തിലെ വ്യവസ്ഥകൾ അംഗീകരിച്ചതായി ഒപ്പിടേണ്ടതുമാണ്.

3. ലേലത്തിൽ നിശ്ചയിച്ചിട്ടുള്ള തീയതിക്ക് തൊട്ടുമുമ്പുള്ള പ്രവൃത്തി ദിവസം 3 മണിവരെ ഓരോ യൂണിറ്റിനും പ്രത്യേകം സീൽ ചെയ്ത ലേലപേപ്പറുകൾ സ്വീകരിക്കുന്നതാണ്. ലേല ഫോറത്തിന്റെ കൂടെ നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും ₹ 200-ന്റെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടിയും സമർപ്പിക്കേണ്ടതാണ്. ലേല ഫോറങ്ങൾ കാസറഗോഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും ലേല ദിവസത്തിനു തൊട്ടുമുമ്പുള്ള പ്രവൃത്തി ദിവസം ഒരു മണിവരെ നിശ്ചിത വിലയും വിൽപ്പന നികുതിയും അടച്ചാൽ ലഭിക്കുന്നതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ലേലപേപ്പറുകൾ പരിഗണിക്കുന്നതല്ല. വിളിച്ചെടുക്കാനുദ്ദേശിക്കുന്ന കശുവണ്ടി തോട്ടത്തിന്റെ പേരും യൂണിറ്റ് നമ്പർ ഉദ്ദേശിക്കുന്ന വില എന്നിവയും ലേലത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ യൂണിറ്റിനും ഏറ്റവും ഉയർന്ന തുക ലേലം കൊണ്ടയാളുടെ പേരിൽ

ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. എന്നാൽ ലേലതുക വകുപ്പിന്/ സർക്കാരിന് ലാഭകരമായി ബോദ്ധ്യപ്പെടാത്തപക്ഷം ടി യൂണിറ്റിന്റെ ലേല വിൽപ്പന റദ്ദ് ചെയ്യുന്നതാണ്. ലേല ഫോറം വാങ്ങിച്ചവർ ഉൾപ്പെടെ ആർക്കും നിശ്ചിത തുക നിരതദ്രവ്യം ഒടുക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

4. ലേലത്തിൽ പങ്കുകൊള്ളുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റും (ആറുമാസത്തിനുള്ളിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയത്) ആദായ നികുതി വകുപ്പ് അനുവദിക്കുന്ന പാൻ കാർഡിന്റെ പകർപ്പും നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിന് മുമ്പായി ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ഒരു സർട്ടിഫിക്കറ്റും ഹാജരാക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.

5. ലേലത്തിനുശേഷം യാതൊരു തരത്തിലുള്ള പരാതികളും പരിഗണിക്കുന്നതല്ല എന്നതിനാൽ ലേലത്തിൽ പങ്കുകൊള്ളുന്നവർ ലേലത്തിന് മുമ്പ് തോട്ടങ്ങൾ പരിശോധിച്ച് വിളവുകളുടെ തരവും ഗുണവും മറ്റും നല്ലതുപോലെ ബോദ്ധ്യപ്പെടേണ്ടതാണ്.

6. ലേലത്തിൽ വയ്ക്കുന്ന യൂണിറ്റിന്റെ ചാർജ്ജ് വഹിക്കുന്നതും അവ നിയന്ത്രിക്കുന്നതും ആയ സർക്കാർ സേവകന്റെ ബന്ധുക്കൾക്ക് ലേലത്തിൽ പങ്കെടുക്കുവാനോ കരാർ എടുക്കുവാനോ പാടില്ല.

കുറിപ്പ്:—ഇതുപ്രകാരം ബന്ധുക്കൾ എന്നതിന് വിവക്ഷം അച്ഛൻ, അമ്മ, പുത്രൻ, പുത്രി, സഹോദരൻ, സഹോദരി, നേരമ്മാവൻ, അനന്തരവൻ, ഭാര്യയുടെയോ ഭർത്താവിന്റെയോ അച്ഛൻ, മരുമകൻ തുടങ്ങിയ 31-1-1967-ലെ ജി. ഒ. (എം എസ്.) 3/പി.എൻ. നമ്പർ സർക്കാർ ഉത്തരവിൽ വിവരിക്കുന്നതാണ്.

7. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊള്ളുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്ന തുമാണ്. ലേലം അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. ലേലം നടത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ചോ വല്ല പരാതികളും ഉൽഭവിക്കുകയാണെങ്കിൽ അതുസംബന്ധിച്ച് ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും.

8. ഓരോ യൂണിറ്റ് ലേലം കൊണ്ട ആൾ ലേലത്തുക ₹ 10,000-മോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ₹ 10,000-ൽ കൂടുതലാണെങ്കിൽ ചുരുങ്ങിയത് ₹ 10,000-മോ ലേലത്തുകയുടെ മൂന്നിൽ ഒന്നോ ഏതാണ് കൂടുതൽ അത് നിരതദ്രവ്യം ഉൾപ്പെടെ കെട്ടിവയ്ക്കേണ്ടതാണ്. ഇതിനു വീഴ്ചവരുത്തിയാൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും കശുവണ്ടി ശേഖരിക്കുന്നതിനുള്ള അവകാശം വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തുന്നതുമായിരിക്കും. അങ്ങനെയുള്ള ലേലത്തിൽ വീഴ്ചക്കാരനെ പുനർലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. ലേലത്തിൽ പരാജയപ്പെട്ടവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടനെ അവർക്ക് തിരിച്ചുനൽകുന്നതായിരിക്കും.

9. ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലംകൊണ്ട ആളിനെ അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും നിയമാനുസൃതമായ നികുതികളും ലേലത്തുകയുടെ 10% വരുന്ന സെക്യൂരിറ്റി തുകയും കുറഞ്ഞത് ₹ 500 അടച്ച് മുഴുവൻ തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കി ₹ 200-ന്റെ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഉടമ്പടി ഒപ്പ് വെയ്ക്കേണ്ടതാണ്.

10. തക്കതായ കാരണമുണ്ടെങ്കിൽ 15 ദിവസത്തിനകം പ്രസ്തുത തുകകൾ അടയ്ക്കുന്നതിനും കരാർ ഒപ്പ് വെയ്ക്കുന്നതിനും സാധിക്കാതെ വന്നാൽ ആയതിന് 18% പലിശയോടുകൂടി 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. ഇപ്രകാരം ദിവസം ഒന്നിന് ₹ 25 വച്ച് പിഴ ഈടാക്കുന്നതുമാണ്.

11. പ്രസ്തുത കാലാവധിക്കകം പ്രസ്തുത തുക അടയ്ക്കാൻ വീഴ്ച വരുത്തിയാൽ 24% പലിശയോടുകൂടി 15 ദിവസം കൂടി കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തമാണെന്ന് തോന്നുന്നപക്ഷം അനുവദിക്കാവുന്നതാണ്.

12. പ്രസ്തുത തുക അടയ്ക്കുകയും ഉടമ്പടി വെയ്ക്കാൻ സാധിക്കാതെ വരികയും ചെയ്താൽ ദിവസം ഒന്നിന് ₹ 10 വച്ച് പിഴ ഈടാക്കി ഉടമ്പടി വെയ്ക്കുന്നതിന് 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.

13. പ്രസ്തുത കാലാവധിക്കകം പ്രസ്തുത തുകകൾ അടയ്ക്കാൻ വീഴ്ച വരുത്തുന്നപക്ഷം ലേലംകൊണ്ട ആളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തുന്നതും അതിൽ നിന്നുണ്ടാകുന്ന നഷ്ടത്തിന് ആദ്യലേലക്കാരൻ ഉത്തരവാദിയാകുന്നതും ലാഭം കിട്ടിയാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടം വരുന്ന തുക കുടിശ്ശികയായി പരിഗണിച്ച് നിശ്ചിത തീയതിക്കകം ഒടുക്കിയില്ലെങ്കിൽ നിലവിലുള്ള റവന്യൂ റിക്കവറി ആക്ട് അനുസരിച്ചോ യുക്തമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്.

14. ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലം കൊണ്ടയാളിനെ അറിയിക്കുകയും ടിയാൻ ലേലത്തുക അടയ്ക്കുകയും ചെയ്തതിനുശേഷം കശുവണ്ടി ശേഖരണം ടിയാൻ നടത്താതിരിക്കുകയോ ടിയാന് നടത്താൻ സാധിക്കാതിരിക്കുകയോ ചെയ്താൽ അടച്ച ലേലത്തുക ടിയാന് തിരിച്ചു ലഭിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനും യാതൊരുവിധ അവകാശവുമുണ്ടായിരിക്കുന്നതല്ല.

15. ലേലത്തിൽ വിജയിക്കുന്ന ആൾ 9-3-1976-ലെ കേരള സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തിയ 23-2-1976-ലെ ജി. ഒ. (പി) 62/76/എ.ഡി. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിക്കേണ്ടതാണ്.

16. ലേലംകൊണ്ട ആൾ കരാറിൽ ഒപ്പുവച്ചശേഷം ശേഖരിക്കുന്ന കശുവണ്ടി മുഴുവൻ 1976-ലെ കേരള അസംസ്കൃത കശുവണ്ടി (വിതരണവും വിപണനവും) ഉത്തരവ് പ്രകാരം കേരള ഗവൺമെന്റ് കശുവണ്ടി കുത്തക സംഭരണത്തിനും അതാത് കാലത്ത് നിശ്ചയിക്കുന്നതും ഏജൻസിക്കും സർക്കാർ അപ്പോൾ നിശ്ചയിക്കുന്ന വില നിരക്ക് അനുസരിച്ച് വിൽക്കേണ്ടതാണ്.

17. നഴ്സറികൾ ഉണ്ടാക്കുന്നതിന് ആവശ്യമുള്ളപക്ഷം കശുമാവ് തോട്ടങ്ങളിൽ നിന്ന് നല്ലതരം കശുവണ്ടി വിത്തുകൾ അംഗീകൃത വില നൽകി തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം വനം വകുപ്പിന് ഉണ്ടായിരിക്കും.

18. കരാർ കാലയളവിൽ എല്ലായ്പ്പോഴും കശുമാവുകൾക്ക് ചുറ്റുമുള്ള കാടുകൾ 5 മീറ്റർ ചുറ്റളവിൽ കരാറുകാരൻ തന്നെ വെട്ടി നീക്കം ചെയ്തിരിക്കണം. തോട്ടത്തിൽ യാതൊരു കാരണവശാലും കളപിടിക്കാതെ നോക്കി സംരക്ഷിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്. കാട്ടുതീ മൂലമോ ഉണക്കുമൂലമോ മറ്റ് വല്ലവിധത്തിലുള്ള കാരണങ്ങളിലൂടെയോ എന്തെങ്കിലും നഷ്ടം നേരിട്ടാൽ ആയതിന് യാതൊരുവിധ നഷ്ടപരിഹാരത്തിനും കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

19. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ പാട്ടത്തിനെടുത്ത സ്ഥലം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുവാനോ സ്ഥലം മുഴുവനായോ ഭാഗികമായോ ഏൽപിച്ചുകൊടുക്കുവാനോ പാടുള്ളതല്ല. അങ്ങനെ നൽകാനുള്ള അപേക്ഷ യാതൊരു കാരണവും കാണിക്കാതെ തള്ളാനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കും.

20. മുകളിൽ 8-ാം നമ്പർ വ്യവസ്ഥയിൽ നിബന്ധനകൾ പൂർത്തീകരിച്ചതിന് ശേഷം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും രേഖാമൂലമുള്ള അനുവാദം വാങ്ങിയതിനുശേഷം മാത്രമേ ലേലക്കാരൻ പാട്ടസ്ഥലത്തു പ്രവേശിക്കുവാൻ പാടുള്ളൂ. അങ്ങനെയുള്ള അംഗീകാരം കിട്ടുന്നതിന് മുമ്പ് സ്ഥലത്ത് പ്രവേശിക്കുന്നത് കയ്യേറ്റമായി കണക്കാക്കുകയും അതിന് ലേലക്കാരന് എതിരെ കേരള വനനിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.

21. ലേലവില ₹ 1,000-ന് മുകളിലും ₹ 5,000-ന് താഴെയും ആണെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കിക്കിട്ടുന്നതിന് വിൽപ്പന നികുതിയോടൊപ്പം കാർഷിക നികുതിയുടെയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ലേലസംഖ്യ ₹ 5,000-മോ അതിനുമുകളിലോ ആണെങ്കിൽ വിൽപ്പന നികുതിയുടേയും കാർഷികാദായ നികുതിയുടെ പുറമെ ആദായ നികുതിയുടെയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം. കേസ് സംബന്ധിച്ച് വല്ല കുടിശ്ശികകളും ഉണ്ടെങ്കിൽ ആയത് സെക്യൂരിറ്റി തുകയിൽനിന്നും ഈടാക്കുന്നതായിരിക്കും. കരാറുകാരൻ കേരള സംസ്ഥാനത്തിന് പുറത്ത് ബിസിനസ് ചെയ്യുന്ന ആളാണെങ്കിൽ ആദായ നികുതിക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതി.

22. വല്ല കാരണവശാലും കരാർ റദ്ദാക്കേണ്ടി വരുന്നതാകയാൽ മുകളിൽ വിവരിച്ച പ്രകാരമുള്ള പിഴകൾക്ക് പുറമെ കരാറുകാരനോ അദ്ദേഹം അധികാരപ്പെടുത്തിയ ഏജന്റോ കരാർ റദ്ദാക്കിയ തീയതിക്കോ അതിനുമുമ്പോ ശേഖരിച്ചിട്ടുള്ളതും നീക്കം ചെയ്യാതെ സ്ഥലത്തു കിടക്കുന്നതുമായ എല്ലാ ഉൽപന്നങ്ങളും കസ്റ്റഡിയിൽ എടുത്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും. അങ്ങനെയുള്ള കാര്യത്തിൽ കരാറുകാരന് യാതൊരു നഷ്ടപരിഹാരത്തിനോ അതനുസരിച്ച് ഉൽപന്നങ്ങൾ വിറ്റുകിട്ടുന്ന തുകയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

23. കരാറുകാരനും അദ്ദേഹത്തിന്റെ അംഗീകൃത ഏജന്റും പണിക്കാരും കേരള ഫോറസ്റ്റ് നിയമത്തിലെ എല്ലാ നിയമങ്ങളും നിബന്ധനകളും ചട്ടങ്ങളും പാലിക്കേണ്ടതാണ്. വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് അവർ ആവശ്യപ്പെടുകയാണെങ്കിൽ കാട്ടുതീയിൽ നിന്നും മറ്റും വനസംരക്ഷണത്തിനും പാട്ടസ്ഥലത്തോ അതിനടുത്ത സ്ഥലങ്ങളിലോ ഉണ്ടാകുന്ന വനംകുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനുംവേണ്ട എല്ലാ സഹായങ്ങളും നൽകേണ്ടതാണ്.

24. ഉൽപ്പന്നങ്ങൾ പാട്ടസ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിന് ആവശ്യമായ പാസ്സ് ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്നതായിരിക്കും. ശേഖരിക്കുന്ന ഉൽപന്നത്തിന്റെ അളവ് കരാറുകാരൻ നൽകുന്നത് മാസാന്ത്യ കണക്കുകളിൽ കാണിക്കുന്നത് ഡിപ്പാർട്ടുമെന്റിൽ നൽകുന്ന പാസ്സുകളുമായി ബന്ധപ്പെട്ടതായിരിക്കണം. പാട്ടസ്ഥലത്തിന് പുറമേയുള്ള വനങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ ശേഖരിക്കുവാൻ കരാറുകാരനെ അനുവദിക്കുന്നതല്ല. കരാർ സ്ഥലത്തുനിന്നും സാധനങ്ങൾ രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണിവരെ മാത്രമേ നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളൂ.

25. നിയമാനുസൃതമായി ലേലത്തിനുശേഷം നൽകുന്ന വാഗ്ദാനങ്ങൾ വല്ലതും ഉണ്ടെങ്കിൽ അവ സ്വീകരിച്ച് നിയമാനുസൃതമായ നടപടികൾ അതിൻമേൽ കൈക്കൊള്ളുന്നതായിരിക്കും.

26. കരാറുകാരൻ ആവശ്യപ്പെടുന്നപക്ഷം ടിയാന്റെ കൂലിക്കാരെ താമസിപ്പിക്കുന്നതിനും കശുവണ്ടി സൂക്ഷിക്കുന്നതിനും 45 സ്ക്വയർ മീറ്ററിന് ₹ 5 പ്രകാരം 1 ഷെഡ് കൂപ്പിനുള്ളിൽ പണിയുന്നതിന് സ്ഥലം അനുവദിക്കുന്നതാണ്. ഷെഡ് അനുവദിക്കുന്നതിനുള്ള അവകാശം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമാണ്. കരാർ കാലാവധിക്ക് മുമ്പായി ഷെഡ് കരാറുകാരൻ പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പൊളിച്ചു നീക്കം ചെയ്യുന്നതും അതിനുവരുന്ന ചെലവ് കരാറുകാരനിൽ നിന്നും പിടിച്ചെടുക്കുന്നതുമായിരിക്കും. ഷെഡ് പണിയുന്നതിനുള്ള സാധനങ്ങൾ നിലവിലുള്ള സീനിയറേജ് റേറ്റ് പ്രകാരം കാട്ടിൽ നിന്നും സൗകര്യമുള്ളപക്ഷം ശേഖരിക്കുവാൻ അനുവദിക്കുന്നതാണ്.

27. കരാർ കാലാവധി തീരുന്നതുവരെ ഓരോ യൂണിറ്റിലെയും വീഡിംഗ് പ്രവൃത്തി ടി യൂണിറ്റുകൾ ലേലത്തിനെടുത്ത ആളുകൾ തന്നെ സ്വന്തം ചെലവിൽ ചെയ്യേണ്ടതുമാണ്.

28. ലേലത്തിനുശേഷം ലേല സംഖ്യയേക്കാൾ കൂടുതൽ വില കൊടുക്കുവാൻ തയ്യാറാണെന്ന് കാണിച്ചുകൊണ്ട് നൽകുന്ന വാഗ്ദാനങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്വീകരിക്കുന്നതായിരിക്കും.

(എ) ലേല സംഖ്യ ₹ 1 ലക്ഷമോ അതിൽ കൂടുതലോ ആണെങ്കിൽ വാഗ്ദാന സംഖ്യ ലേല സംഖ്യയുടെ 10% ത്തേക്കാൾ കുറയാൻ പാടില്ല.

(ബി) ലേല സംഖ്യ ₹ 1 ലക്ഷത്തേക്കാൾ കുറവാണെങ്കിൽ വാഗ്ദാന സംഖ്യ ലേല സംഖ്യയുടെ 20%-ൽ കുറയാൻ പാടില്ല.

(സി) ലേലക്കാരൻ ലേല ദിവസം കെട്ടിയ സംഖ്യയുടെ ഇരട്ടി സംഖ്യ ജാമ്യമായി അടയ്ക്കേണ്ടതാണ്.

(ഡി) ലേലത്തീയതി മുതൽ 7 ദിവസത്തിനകം വാഗ്ദാനം (പോസ്റ്റ് ഓഫർ) ഈ ഓഫീസിൽ ലഭിച്ചിരിക്കണം.

(ഇ) വാഗ്ദാനങ്ങൾ നൽകിയ അപേക്ഷ കണക്കിലെടുത്ത് അയയ്ക്കുന്ന നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം ടി സംഖ്യ ട്രഷറിയിൽ അടച്ച് ചെലാൻ രസീത് ഹാജരാക്കണം.

(എഫ്) വാഗ്ദാനക്കാരൻ ₹ 200-ന്റെ മുദ്രപ്പത്രത്തിൽ കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മുമ്പാകെ മേൽ നിബന്ധനകൾ സ്വീകാര്യമാണെന്ന ഉടമ്പടി വയ്ക്കേണ്ടതാണ്.

(ജി) മേൽ നിബന്ധനകൾ അനുസരിച്ചാൽ ആവശ്യമായ പരസ്യം നൽകി പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ മുൻലേലത്തേക്കാൾ കുറഞ്ഞ സംഖ്യ മാത്രമേ ലഭിച്ചിട്ടുള്ളുവെങ്കിൽ വാഗ്ദാനക്കാരന് നൽകുന്നതായിരിക്കും. എന്നാൽ കൂടുതൽ സംഖ്യയ്ക്ക് ലേലം നടന്നാൽ കൂടുതൽ സംഖ്യയ്ക്ക് കൊണ്ട ആൾക്ക് നൽകുന്നതുമാണ്. കൂടുതൽ വിവരങ്ങൾ ഈ ഓഫീസിലോ ബന്ധപ്പെട്ട റെയിഞ്ച് ആഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

29. താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന യൂണിറ്റുകളിൽ ഏതെങ്കിലും യൂണിറ്റിന്റെ ലേലം ഭാഗികമായോ മുഴുവനായോ നിർത്തി വയ്ക്കുന്നതിനുള്ള അധികാരവും അവകാശവും ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതും അങ്ങനെ നിർത്തി വെക്കുന്ന വിവരങ്ങൾ ലേലത്തിന് മുമ്പായി അറിയിക്കുന്നതുമാണ്.

പട്ടിക-1

| യൂണിറ്റ് | റെയിഞ്ച് | യൂണിറ്റിന്റെ വിവരണം | വിസ്തീർണ്ണം ഹെക്ടറിൽ | ലേലം ചെയ്യുന്ന തീയതിയും സമയവും |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കാസറഗോഡ് | 1939 തോട്ടം കൂപ്പ് 6<br>കാറഡുക്ക 21 ഹെക്ടർ<br>1939 ,, 7 ,, 22 ,,<br>1940 ,, 8 ,, 15 ,, | 58 | കാസറഗോഡ് റെയിഞ്ചാഫീസിൽ വെച്ച് 12-1-2021-ന് രാവിലെ 11.30 മണിക്ക് |
| 2 | | 1941 ,, 9 ,, 21 ,,<br>1943 ,, 10 ,, 24 ,,<br>1944 ,, 11 ,, 21 ,, | 66 | |
| 3 | കാസറഗോഡ് | 1945 തോട്ടം 18 (ഭാഗം) & 19 (ഭാഗം)<br>കാറഡുക്ക | 20 | |
| 4 | | 1959 തോട്ടം കൂപ്പ് 19 (ഭാഗം)<br>കാറഡുക്ക 20, 11 (ഭാഗം) | 61 | |
| 5 | | 1960 തോട്ടം കൂപ്പ് 12,13,14,17<br>കാറഡുക്ക | 56 | |
| 6 | | 1959 തോട്ടം കൂപ്പ് 25 (ഭാഗം)<br>മുളിയാർ | 13 | |
| 7 | | 1941 തോട്ടം കൂപ്പ് 3 മുളിയാർ | 51 | |
| 8 | | 1945 തോട്ടം കൂപ്പ് 6 (ഭാഗം)<br>1948 തോട്ടം കൂപ്പ് 7 (ഭാഗം) | 23 | |
| 9 | | 1946, 1948, 1949, 1950 തോട്ടം<br>മുളിയാർ | 77 | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | | കാസറഗോഡ് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങൾ ഒഴികെയുള്ള എല്ലാ സർക്കാർ വനങ്ങളിൽ നിന്നും | 51 | കാസറഗോഡ് റെയിഞ്ചാഫീസിൽ വെച്ച് 12-1-2021-ന് രാവിലെ 11.30 മണിക്ക് |
| 11 | | 1961 തോട്ടം കാറഡുക്ക | 24 | |
| 12 | | 1972 തോട്ടം കാറഡുക്ക | 40 | |
| 13 | | 1976 തോട്ടം കാറഡുക്ക | 40 | |
| 14 | | 1978 തോട്ടം കാറഡുക്ക | 152.72 | |
| 15 | | 1978 തോട്ടം കാറഡുക്ക | 31.50 | |
| 16 | | 1978 തോട്ടം മുളിയാർ | 132.490 | |
| 17 | | 1980 തോട്ടം കാറഡുക്ക, മുളിയാർ | 90.75 | |
| 18 | | 1981 തോട്ടം, 1931 തോട്ടത്തിൽ വീണ്ടും നട്ടുപിടിപ്പിച്ചത് കാറഡുക്ക | 52 | |
| 19 | | 1981 തോട്ടം കാറഡുക്ക & 1940 തോട്ടത്തിൽ വീണ്ടും നട്ടുപിടിപ്പിച്ചത് | 57 | |
| 20 | | 1981 തോട്ടം, 1942, 1944 തോട്ടങ്ങളുടെ ഭാഗത്ത് വെച്ച് പിടിപ്പിച്ചത് കാറഡുക്ക | 5.40 | |
| 22 | | 1986 തോട്ടം കനകമജ്ലു റിസർവ്വ് | 15 | |
| 23 | | 1979 തോട്ടം കിദൂർ (നിർദ്ദിഷ്ട റിസർവ്വ് വനം) | 18.92 | |
| 24 | | 1979 തോട്ടം ആരിക്കാടി (നിർദ്ദിഷ്ട റിസർവ്വ് വനം) | 08.00 | |
| 25 | | 1979 തോട്ടം ബേള (നിർദ്ദിഷ്ട റിസർവ്വ് വനം) | 16.00 | |
| 26 | | 1979 തോട്ടം കൊടലമൊഗരു (നിർദ്ദിഷ്ട റിസർവ്വ് വനം) | 19.30 | |

നിരതദ്രവ്യം—₹ 3,000.

അടങ്കൽ തുക— ഉദ്ദേശം ₹ 3.13 ലക്ഷം.

ലേല ഫോറത്തിന്റെ വില—₹ 500 + 12% ജി.എസ്.ടി.

ലേല ഫോറം വിൽക്കുന്ന അവസാന തീയതി—11-1-2021, 18-1-2021, 27-1-2021, 3-2-2021, കാസറഗോഡ് റെയിഞ്ച്.

ലേല തീയതി—12-1-2021, 19-1-2021, 28-1-2021, 4-2-2021.

ബന്ധപ്പെടേണ്ട ആഫീസിന്റെ വിലാസം—ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കാസറഗോഡ് ഡിവിഷൻ, വനശ്രീ കോംപ്ലക്സ്, ഉദയഗിരി, വിദ്യാനഗർ പി. ഒ., കാസറഗോഡ്. ഫോൺ - 04994 256119

12-1-2021-ലെ ലേലത്തിൽ മുകളിൽ പട്ടികയിൽ കാണിച്ചിരിക്കുന്ന ഏതെങ്കിലും യൂണിറ്റിന് ലേലക്കാർ ഇല്ലാതെ വരികയാണെങ്കിൽ പ്രസ്തുത യൂണിറ്റുകളിലെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം മേൽപ്പറഞ്ഞതായ എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി 19-1-2021-ന് പകൽ 11.30 മണിക്ക് കാസറഗോഡ് റെയിഞ്ചാഫീസിൽ വച്ച് പുനർലേലം ചെയ്യുന്നതായിരിക്കും.

19-1-2021-ലെ പുനർലേലത്തിൽ വെച്ച് ഏതെങ്കിലും യൂണിറ്റിന് ലേലക്കാരൻ ഇല്ലാതെ വരികയാണെങ്കിൽ പ്രസ്തുത യൂണിറ്റുകളിലെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം മേൽപ്പറഞ്ഞതായ എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി 28-1-2021-ന് പകൽ 11.30 മണിക്ക് കാസറഗോഡ് റെയിഞ്ച് ഓഫീസിൽവെച്ച് വീണ്ടും ലേലം ചെയ്യുന്നതായിരിക്കും. ലേലക്കാരൻ യഥാസമയം പണമടച്ച് കരാർ ഒപ്പ് വെച്ചില്ലെങ്കിൽ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 4-2-2021-ന് 11.30 മണിക്ക് വീണ്ടും ലേലം ചെയ്യുന്നതായിരിക്കും.

(ഒപ്പ്)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
കാസറഗോഡ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

---